"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. വിനോദ്. ബി, ഫോർമാൻ (ടൂൾ റൂം), കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, മഞ്ചേരി - അസിസ്റ്റന്റ് ഡയറക്ടർ (റബ്ബർ) തസ്തികയുടെ അധിക ചുമതല വഹിച്ചത് - ചാർജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.710/2026/ID തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-

1. 27/12/2024-ലെ സ. ഉ. (സാധാ) നം. 1222/2024/വ്യവ
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 28/12/2024-ലെ ഡിഐസി/6667/2024-ഇഡി2 നമ്പർ നടപടിക്രമം
3. 13/09/2025-ലെ സ.ഉ. (സാധാ) നം. 1194/2025/വ്യവ
4. 05/03/2026-ലെ സ.ഉ (സാധാ) നം. 237/2026/വ്യവ
5. വ്യവസായ വാണിജ്യ ഡയറക്ടറുടെ 16/10/2025-ലെ ഡിഐസി/3330/2025-ഇഡി2 നമ്പർകത്ത്

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ മഞ്ചേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിലെ അസിസ്റ്റന്റ് ഡയറക്ടർ (റബ്ബർ) ശ്രീ. ഷാൻ പി. ആർ പരാമർശം (1) പ്രകാരം സസ്പെൻഡ് ചെയ്യപ്പെട്ടതിനാൽ അസിസ്റ്റന്റ് ഡയറക്ടർ (റബ്ബർ) തസ്തികയുടെ പൂർണ്ണ അധിക ചുമതല പ്രസ്തുത ഓഫീസിലെ ഫോർമാൻ (ടൂൾ റൂം) ശ്രീ. വിനോദ്. ബി-യ്ക്ക് നൽകിയ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.അപ്രകാരം അധിക ചുമതല നല്കിയ പരാമർശം (2)-ലെ നടപടിക്രമം പരാമർശം (4) പ്രകാരം സാധൂകരിച്ച് ഉത്തരവായിട്ടുണ്ട്.

2. വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ മഞ്ചേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിലെ അസിസ്റ്റന്റ് ഡയറക്ടർ (റബ്ബർ) തസ്തികയുടെ അധിക ചുമതല ശ്രീ. വിനോദ്. ബി-യ്ക്ക് നൽകിയ 28/12/2024 മുതൽ പരാമർശം (3) ഉത്തരവ് പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിച്ച ശ്രീ. ഷാൻ പി. ആർ സേവനത്തിൽ പ്രവേശിച്ച 19/09/2025- വരെ അസിസ്റ്റന്റ് ഡയറക്ടർ (റബ്ബർ) തസ്തികയുടെ അധിക ചുമതല വഹിച്ച ശ്രീ. വിനോദ്. ബി, ഫോർമാൻ (ടൂൾ റൂം)-ന് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ മഞ്ചേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിലെ ഫോർമാൻ (ടൂൾ റൂം) ശ്രീ. വിനോദ്. ബി 28/12/2024 മുതൽ 19/09/2025 വരെ പ്രസ്തുത ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ (റബ്ബർ) തസ്തികയുടെ അധിക ചുമതല വഹിച്ചതിന് കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53 (b) (2) (as amended vide G.O(P) No 88/2017/Fin dated 11.07.2017], 53 A (II)(C), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4 % എന്ന നിരക്കിൽ 28/12/2024 മുതൽ പരമാവധി മൂന്ന് മാസക്കാലയളവിലേയ്ക്ക് പരിമിതപ്പെടുത്തി ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത ബി ചന്ദ്ര
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. വിനോദ്. ബി (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
Date: 08-07-2026 16:17:13

സെക്ഷൻ ഓഫീസർ